LIBRARY ARCHIVES Kerala Legislative Assembly

**ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ നടത്തിയ പ്രധാനപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ**

**195 (4549)** ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് വകുപ്പ് ഒറ്റപ്പാലം അസംബ്ളി മണ്ഡലത്തിൽ നടപ്പിൽ വരുത്തിയ പ്രധാനപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) എത്ര തുകയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആണ് 2006-2010 കാലയളവിൽ നടപ്പിലാക്കിയത് ; വർഷം തിരിച്ച് കണക്ക് ലഭ്യമാക്കുമോ ; അവ ഏതെല്ലാമെന്നും എത്ര രൂപയുടേതാണെന്നും വ്യക്തമാക്കുമോ ;

(സി) പാലക്കാട്-ഷൊർണ്ണൂർ റോഡിൽ കണ്ണിയംപുറം തോടിൽ അഡീഷഷണൽ ബ്രിഡ്ജ് നിർമ്മിക്കുന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത പാലത്തിന്റെ പണി എന്നത്തേക്ക് തുടങ്ങുവാൻ കഴിയും ;

(ഇ) പാലക്കാട് ഷൊർണ്ണൂർ റോഡിൽ ഈസ്റ്റ്-ഒറ്റപ്പാലത്ത് ഒരു അഡീഷണൽ ബ്രിഡ്ജ് നിർമ്മിക്കുന്നകാര്യം പരിഗണനയിലുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ & ബി) അനുബന്ധമായി ചേർത്തിരിക്കുന്നു. *

(സി - ഇ) കണ്ണിയംപുറം പാലം നിർമ്മിക്കുന്നതിന് 245 ലക്ഷം രൂപയുടേയും കാക്കതോടിനു കുറുകേ ഈസ്റ്റ് ഒറ്റപ്പാലത്ത് പാലം നിർമ്മിക്കുന്നതിന് 250 ലക്ഷം രൂപയുടെയും എസ്റ്റിമേറ്റുകൾ ഭരണാനുമതിക്കായി സർക്കാരിൽ ലഭിച്ചിട്ടുണ്ട്.

**പാറശ്ശാല മണ്ഡലത്തിൽ ഭരണാനുമതി നൽകിയ മരാമത്ത് പ്രവൃത്തികൾ**

**196 (4550)** ശ്രീ ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാറശ്ശാല മണ്ഡലത്തിൽ ഭരണാനുമതി നൽകിയ മരാമത്ത് പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ എത്ര എണ്ണം പൂർത്തീകരിച്ചുവെന്നും ഇനി പൂർത്തീകരിക്കാൻ എത്രയാണ് ഉള്ളതെന്നും പൂർത്തീകരിക്കാനുള്ള കാലതാമസം എന്താണെന്നും വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) 2010-11 വർഷം ഏതൊക്കെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ 8 എണ്ണം പൂർത്തിയായി 19 പ്രവൃത്തികളുടെ പണി പൂർത്തീകരിക്കാനുണ്ട്. മണലിന്റെ ലഭ്യതക്കുറവു കൊണ്ടാണ് പല നിർമ്മാണ പ്രവർത്തനങ്ങൾക്കും കാലതാമസം ഉണ്ടാകുന്നത്.

(സി) 2010-11 വർഷം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചു വരുന്നു.

**മണലൂർ നിയോജകമണ്ഡലത്തിൽ നടത്തിയ പൊതുമരാമത്ത് പ്രവൃത്തികൾ**

197 (4551) ശ്രീ മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മണലൂർ നിയോജക മണ്ഡലത്തിൽ നടത്തിയ പൊതുമരാമത്ത് പ്രവൃത്തികൾ എന്തൊക്കെയാണ് ;

(ബി) പ്രസ്തുത പദ്ധതികൾക്കായി ആകെ എന്തുതുക ചെലവഴിച്ചു ;

(സി) ഓരോ പ്രവൃത്തികളും അവയ്ക്ക് ചെലവഴിച്ച തുകയും സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ ?

ഉത്തരം

(എ - സി) ഈ സർക്കാർ അധികാരമേറ്റശേഷം മണലൂർ നിയോജക മണ്ഡലത്തിൽ വിവിധ വിഭാഗങ്ങൾ നടത്തിയ പ്രവൃത്തികളും അവയ്ക്ക് ചെലവഴിച്ച തുകയും സംബന്ധിച്ച സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

**കിഴക്കേ കടുങ്ങല്ലൂർ ജംഗ്ഷൻ വികസനം**

198 (4552) ശ്രീ എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലുവ മണ്ഡലത്തിലെ കിഴക്കേകടുങ്ങല്ലൂർ ജംഗ്ഷന്റെ വികസനത്തിനായി, സമീപത്തുള്ള ഫിഷറീസ് വകുപ്പിന്റെ അക്വാടെക്നോളജി പാർക്കിന്റെ സ്ഥലം വിട്ടുതരുന്നതിന് തയ്യാറായ സാഹചര്യത്തിൽ അതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ ;

(ബി) പ്രസ്തുത ജംഗ്ഷന്റെ വികസനത്തിനായി എത്ര തുക വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly